പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 2486

18.02.2016 -ലെ മറുപടിയ്ക്ക്

## കാസർഗോഡ് ജില്ലയിലെ ദളിത് റിസോർട്ടിലെ തൊഴിലാളി സമരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ): | ശ്രീ. ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ ദളിത് റിസോർട്ടിലെ തൊഴിലാളികൾ സമരത്തിലാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ആയത് പരിഹരിക്കുന്നതിന് വകുപ്പ് തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) രണ്ട് തൊഴിലാളികളെ സ്ഥലം മാറ്റിയതുമായി ബന്ധപ്പെട്ട തർക്കത്തിലാണ് ഇപ്പോൾ സമരം നടക്കുന്നത്. സ്ഥലം മാറ്റപ്പെട്ട രണ്ട് തൊഴിലാളികളും, സ്ഥാപനത്തിലെ തൊഴിലാളികളല്ലാത്ത ട്രേഡ് യൂണിയൻ പ്രവർത്തകരുമാണ് സമരത്തിൽ പങ്കെടുക്കുന്നത്. തർക്ക പ്രശ്നം രമ്യമായി പരിഹരിക്കുന്നതിന് ജില്ലാ ലേബർ ആഫീസർ വിളിച്ച് ചേർത്ത അനുരഞ്ജന ചർച്ച ഫലം കാണാതെ വന്നതിനെ തുടർന്ന് കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ നടന്ന അനുരഞ്ജന ചർച്ചയും പരാജയപ്പെട്ട സാഹചര്യത്തിൽ വ്യവസായ തർക്ക നിയമത്തിലെ 12(4) വകുപ്പ് പ്രകാരമുള്ള അനുരഞ്ജന പരാജയ റിപ്പോർട്ട് സമർപ്പിച്ചിരിക്കുകയാണ്. |

Sreedevi
സെക്ഷൻ ഓഫീസർ